ബഥനി നാദം

വാല്യം 6 | ബഥനി ആശ്രമം, റാന്നി–പെരുന്നാട് | ആഗസ്റ്റ് 2020

'മലങ്കരയുടെ ധർമ്മയോഗി' അഭി. അലക്സിയോസ് മാർ തേവോദോസിയോസ് തിരുമേനിയുടെയും,
അദ്ദേഹത്തിന്റെ പിൻഗാമികളായിരുന്ന അഭി. യൂഹാനോൻ മാർ അത്താനാസിയോസ്,
അഭി. പൗലോസ് മാർ പക്കോമിയോസ് എന്നീ തിരുമേനിമാരുടെയും

സംയുക്ത ഓർമ്മപ്പെരുന്നാൾ

2020 ആഗസ്റ്റ് 1-6



അഭി. അലക്സിയോസ്
മാർ തേവോദോസിയോസ് OIC



അഭി. യൂഹാനോൻ
മാർ അത്താനാസിയോസ് OIC



അഭി. പൗലോസ്
മാർ പക്കോമിയോസ് OIC

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

ദൈവകൃപയാൽ തുമ്പമൺ ഭദ്രാസന ഇടവകയുടെ
കുറിയാക്കോസ് മാർ ക്ലീമിസ് മെത്രാപ്പോലീത്തായിൽ നിന്നും

No: 41/2020

മഹാമാരിയായ കോവിഡിനെതിരെയുള്ള നിരവധി ആളുകളുടെ പോരാട്ടങ്ങൾ നമ്മൾ മറക്കരുത്. ആരും ജാഗ്രത കൈവെടിയരുത്. കോവിഡിന്റെ പിടിയിൽ പെടുന്നവരോട് മഹാനുഭാവത്തോടെ പെരുമാറണം. മൃതശരീരങ്ങളോട് കാട്ടുന്ന കാടത്തം പരിഷ്കൃത സമൂഹത്തിന് ലജ്ജാകരമാണ്. വീണ്ടുവിചാരത്തോടെ ദൈവസ്നേഹപൂർവ്വം പെരുമാറുവാൻ ശ്രമിക്കാം.

മനുഷ്യരാശിക്ക് മുഴുവൻ ഭീതിതമായ കോവിഡിന് മരുന്ന് കണ്ടുപിടിക്കുവാൻ ശാസ്ത്രലോകത്തിന് കഴിവ് നൽകണമേ ദൈവമേ എന്ന പ്രാർത്ഥനയോടെ മലങ്കരയുടെ ധർമ്മയോഗി ഭാഗ്യസ്മരണാർഹനായ അഭി. അലക്സിയോസ് മാർ തേവോദോസിയോസ്, അഭി. യൂഹാനോൻ മാർ അത്താനാസിയോസ്, അഭി. പൗലോസ് മാർ പക്കോമിയോസ് എന്നീ പിതാക്കന്മാരുടെ സംയുക്ത ഓർമ്മപെരുന്നാൾ അവർ അന്ത്യവിശ്രമം കൊള്ളുന്ന പെരുന്നാട് മുണ്ടൻമലയിൽ വളരെ ലളിതമായി, പ്രാർത്ഥനാപൂർവ്വം കൊണ്ടാടുന്നു. കഴിഞ്ഞ മൂന്ന് മാസമായി കൊറോണ ക്വാറന്റയിൻ സെന്റർ കൂടിയായ ബഥനി ആശ്രമത്തിനും ആശ്രമാംഗങ്ങൾക്കും ആശ്രമത്തിന്റെ പ്രവർത്തനങ്ങൾക്കും എല്ലാ ഭാവുകങ്ങളും നന്മകളും നേരുന്നു. പ്രാർത്ഥനകളോടെ.

അനുഗ്രഹാശ്ശിസുകളോടെ
കർത്തൃശുശ്രൂഷയിൽ

2020 ജൂലൈ മാസം 29-ാം തീയതി
ബേസിൽ അരമനയിൽ നിന്ന്

കുറിയാക്കോസ് മാർ ക്ലീമിസ് മെത്രാപ്പോലീത്ത

കാര്യപരിപാടികൾ

2020 ആഗസ്റ്റ് 1 ശനി

6.30 AM	പ്രഭാതനമസ്കാരം
7:00 AM	വി. കുർബ്ബാന
	അഭി. ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത
	കബറിങ്കൽ ധൂപപ്രാർത്ഥന

2020 ആഗസ്റ്റ് 2 ഞായർ

6.30 AM	പ്രഭാതനമസ്കാരം
7:00 AM	വി. കുർബ്ബാന
	അഭി. ഡോ. ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്ത
	കബറിങ്കൽ ധൂപപ്രാർത്ഥന

2020 ആഗസ്റ്റ് 3 തിങ്കൾ

6:30 AM	പ്രഭാതനമസ്കാരം
7:00 AM	വി. കുർബ്ബാന
	റവ. ഫാ. ജോജി ജോർജ് ഫിലിപ്പ് (മുക്കാലുമൺ സെന്റ് ജോർജ് ഓർത്തഡോക്സ് ചർച്ച്)
	കബറിങ്കൽ ധൂപപ്രാർത്ഥന

2020 ആഗസ്റ്റ് 4 ചൊവ്വ

6:30 AM	പ്രഭാതനമസ്കാരം
7:00 AM	വി. കുർബ്ബാന
	റവ. ഫാ. ഐവാൻ ജോസഫ് ഗീവർഗ്ഗീസ് (തോണിക്കടവ് മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് ചർച്ച്)
	കബറിങ്കൽ ധൂപപ്രാർത്ഥന

2020 ആഗസ്റ്റ് 5 ബുധൻ

6:30 AM	പ്രഭാതനമസ്കാരം
7:00 AM	വി. കുർബ്ബാന
	റവ. ഫാ. എബി വർഗീസ് (മാർ സേവേറിയോസ് സ്ലീബാ ഓർത്തഡോക്സ് വലിയപള്ളി)
	കബറിങ്കൽ ധൂപപ്രാർത്ഥന

2020 ആഗസ്റ്റ് 6 വ്യാഴം

6:30 AM	പ്രഭാതനമസ്കാരം
7:00 AM	വി. കുർബ്ബാന
	അഭി. കുര്യാക്കോസ് മാർ ക്ലീമ്മീസ് മെത്രാപ്പോലീത്ത
	കബറിങ്കൽ ധൂപപ്രാർത്ഥന



ദേവാലയം ആശുപത്രിയാക്കിയ ചരിത്രം

'അനന്തരം അവൻ തന്റെ പന്ത്രണ്ടു ശിഷ്യന്മാരെയും അടുക്കൽ വിളിച്ച് അശുദ്ധാത്മാക്കളെ പുറത്താക്കാനും സകലവിധ ദീനവും വ്യാധിയും പൊറുപ്പിക്കാനും അവർക്ക് അധികാരം കൊടുത്തു.' (മത്തായി 20:3)

വർഷങ്ങൾക്കുമുമ്പ് കുന്നംകുളം ജനതതിയെ ആകമാനം പരവശരാക്കിത്തീർത്ത ഒരു പ്ലേഗ് ബാധയുണ്ടായി. അന്നുവരെ ഇന്നാട്ടുകാർക്ക് അജ്ഞാതമായിരുന്ന ആ മഹാവ്യാധിയിൽ എന്തെല്ലാം പ്രതിരോധ നടപടികൾ എടുക്കണമെന്നും രോഗികളെ എങ്ങിനെ ശുശ്രൂഷിക്കണമെന്നും അറിയാതെ നാട്ടുകാർ ഭയവിഹ്വലരായിത്തീർന്നു. പലവീടുകളിലും ആ മഹാബാധ പടർന്നുപിടിച്ചു. പലരും മരിച്ചു. അങ്ങാടികളിൽ കച്ചവടങ്ങൾ നിലച്ചു. അലമുറയും ഭീകരത്വവും വീഥികൾ തോറും അലതല്ലി. ഗ്രാമപ്രദേശങ്ങളിൽ കൃഷിസ്ഥലങ്ങളിൽ താമസസൗകര്യമുള്ളവർ താമസം അങ്ങോട്ട് മാറിപ്പോയി. കന്യകാമഠങ്ങൾ പൂട്ടപ്പെട്ടു. സ്കൂളുകൾ അടച്ചു; എന്തിന്, ഈ നാട്ടുകാരല്ലാത്ത വൈദികരും, പാസ്റ്റർമാരും അടക്കം സ്ഥലംവിട്ടു. കുന്നംകുളം എം.എൽ.സി. യായിരുന്ന സി. വി. ഇയ്യു, ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. ഒ. കെ. മേനോൻ, ഡോക്ടർ. ആർ. ഡി. പൈ തുടങ്ങിയവരുടെ സേവന സന്നദ്ധതയും ബഥനി ജോസഫ് ഉപദേശി, ശ്രീമതി അച്ചാമ്മ (കാക്കശേരി) തുടങ്ങിയ ദൈവദാസരുടെ ആശ്വാസവചനങ്ങളും നാട്ടുകാർക്ക് ധൈര്യം നൽകിവന്നു. കൊച്ചി ഗവൺമെന്റിൽ നിന്ന് സാരമായ സഹായങ്ങളും ശക്തിമത്തായ പ്രതിരോധ നടപടികളും ആരംഭിച്ചു. കുത്തിവയ്പ്പായിരുന്നു പ്രധാന പ്രതിരോധനടപടി. അതിനിടയിൽ പ്ലേഗുബാധബാധിതനായ ഒരു ബാലൻ കുത്തിവയ്പ്പിനെ തുടർന്ന് മരണമടഞ്ഞു.നാട്ടുകാർക്ക് കുത്തിവയ്പിലും ഭയം ഉണ്ടായി. ദൈവാശ്രയം മാത്രമെ ഇനി അവശേഷിച്ചിട്ടുള്ളുവെന്ന നിലയായിത്തീർന്നു.

ആർത്താറ്റ് - കുന്നംകുളം പള്ളിക്കാർ വിവരം പരിശുദ്ധ കാതോലിക്കാബാവാ തിരുമേനിയെ അറിയിച്ചു. ബാവാതിരുമേനി ആണ്ടുതോറും തനിക്കു പതിവുള്ള എണ്ണസേവയിലും, പഥ്യത്തിലും കഴിയുകയായിരുന്നു. കുന്നംകുളത്തു നിന്നു കിട്ടിയ വിവരങ്ങൾ ബാവാതിരുമേനി തന്റെ അന്തേവാസികളെ ധരിപ്പിച്ചു. "ഉടനെ കുന്നംകുളത്തിനു ആത്മീയാവശ്യങ്ങൾ നിർവ്വഹിക്കുവാൻ ആരെങ്കിലും പോയില്ലെങ്കിൽ നാം നമ്മുടെ എണ്ണസേവിക്കൽ നിർത്തി നാളെത്തന്നെ കുന്നംകുളത്തേക്കു തിരിക്കുകയാണ് എന്നു കൽപിച്ചു. കുന്നംകുളത്തു നിന്ന് കിട്ടിയിട്ടുള്ള വിവരങ്ങൾ കേട്ട് മററാരും പുറപ്പെടുവാൻ ധൈര്യപ്പെട്ടില്ല. അപ്പോഴാണ് പാമ്പാടി തിരുമേനി അവിചാരിതമായി പഴയ സെമിനാരിയിൽ എത്തിച്ചേർന്നത്. വിവരങ്ങളെല്ലാം പാമ്പാടിതിരുമേനി അറിയുകയുണ്ടായി. ബാവാതിരുമേനി എഴുന്നള്ളേണ്ടതില്ലെന്നും കുന്നംകുളത്തേക്കു താനാണു പോകുന്നതെന്നും പാമ്പാടി തിരുമേനി ബാവാതിരുമേനിയെ ബോധിപ്പിച്ചു. വൈദിക സെമിനാരിയിൽ വിദ്യാത്ഥിയായിരുന്ന കുന്നംകുളംകാരൻ ബഹു. പാറമേൽ കുറിയാക്കോസ് ശെമ്മാശൻ (പാറേമലച്ചൻ) തിരുമേനിയെ അനുയാത്ര ചെയ്യുവാൻ സന്നദ്ധനായി മുന്നോട്ടുവന്നു. സാഹസികമായ ഈ സംഭവത്തിൽ നിന്നും ഇരുവരേയും പിന്തിരിപ്പിക്കാൻ കോട്ടയം തൊട്ടു തൃശൂർ വരെ അനേകർ ഉണ്ടായിരുന്നിട്ടും പാമ്പാടി തിരുമേനി പാറമേൽ ശെമ്മാശനോടു കൂടി കുന്നംകുളത്തേക്ക് എഴുന്നള്ളി. (തൃശൂരിൽ നിന്ന് കേച്ചേരി വരെയേ വാഹന ഗതാഗതം ഉണ്ടായിരുന്നുള്ളൂ എന്നും, അവിടെ നിന്ന് കാളവണ്ടിയിലാണ് കുന്നംകുളത്തേക്ക് വന്നതെന്നും, വരുന്ന വഴി ബഥനിയിൽ ഇറങ്ങി യൗസേഫ് ഉപദേശിയെ കൂടെ തന്റെ കൂടെ കൂട്ടി എന്നും കേട്ടിട്ടുണ്ട്)

കുന്നംകുളം പഴയപള്ളി പ്രസംഗം

"നിങ്ങളോടൊപ്പം ജീവിക്കുവാനും മരിക്കുവാനുമായിട്ടാണ് നാം വന്നിരിക്കുന്നത്. നിങ്ങൾക്കു എന്തെങ്കിലും സഹായമാവശ്യമുണ്ടെങ്കിൽ അവ ഏതു വിധത്തിലുള്ളതായിരുന്നാലും എന്നെ അറിയിച്ചാൽ ബലഹീനനായ നാം വന്നു നിവർത്തിക്കാം. നിങ്ങൾ മുട്ടിപ്പായി ദൈവത്തോട് അപേക്ഷിക്കുകയും, മൂന്ന് ദിവസത്തെ ഉപവാസത്തിലും, നോമ്പിലും കഴിയുകയും വേണം. സർവ്വശക്തനായ ദൈവം ഈ മഹാവ്യാധിയെ നിങ്ങളിൽ നിന്നു നീക്കം ചെയ്യുമാറാകട്ടെ." തിരുമേനി രോഗബാധിതരുടെ പല വീടുകളും സന്ദർശിച്ചു പ്രാർത്ഥന കഴിക്കുകയുണ്ടായി. യാക്കോബായക്കാരുടെ വീടുകളിൽ മാത്രമല്ല, ഇതര സമുദായത്തിൽ പെട്ടവരുടെ വീടുകളിലും അനാഥശാലകളിലും തിരുമേനി കയറിയിറങ്ങി രോഗശാന്തിക്കായി പ്രാത്ഥിച്ചു.

ഇടതിങ്ങി വീടുകളുള്ള (അങ്ങാടി) കുന്നംകുളം പോലുള്ള സ്ഥലത്ത് സാമൂഹിക അകലം പാലിച്ചു കൊണ്ടുള്ള ഒരു ആശുപത്രി ഉണ്ടാക്കാൻ സ്ഥലമില്ലായിരുന്നു. പിന്നെ ഉണ്ടായിരുന്നത് കുന്നംകുളം പട്ടണത്തിനു പുറത്തു സ്ഥിതിചെയ്യുന്ന ബഥനിക്കുന്നു മാത്രം; അതിൽ ഒരു ദേവാലയവും. 'ബഥനി ആശ്രമംവക തൃശൂർ റോഡിൽ ഉള്ള ബഥനിപ്പള്ളി, ഒരു ആശുപത്രിയാക്കുന്നതിന് തിരുമേനിക്കു വേദനയുണ്ടായിരുന്നുവെങ്കിലും ഗീവർഗീസ് സഹദായുടെ നാമത്തിലുള്ള ആ ദേവാലയം പ്ലേഗ് ആശുപത്രിയാക്കുവാൻ അദ്ദേഹം അനുവാദം നൽകി, മെഡിക്കൽ ഡിപ്പാർട്ട്മെന്റിനെ ഏൽപിച്ചു. ബഥനി -ജോസഫ് ഉപദേശിയായിരുന്നു ആശുപത്രിയിലെ പ്രധാന ശുശ്രൂഷി. എല്ലാ രോഗബാധിത പ്രദേശങ്ങളിലും സഞ്ചരിച്ച തിരുമേനിയെ ഒരു നിഴലുപോലെ ജോസഫ് ഉപദേശിയും പിന്തുടർന്ന് രോഗികൾക്കാവശ്യമായ ശുശ്രൂഷകൾ ചെയ്തു വന്നു. തിരുമേനി കൈവച്ച രോഗികളെല്ലാം രോഗവിമുക്തരായി. ഈ ദൈവപുരുഷൻ കൂടെയുള്ളപ്പോൾ ദൈവം തങ്ങളെ കൈവിടുകയില്ലെന്ന് ജനം വിശ്വസിച്ചു.

തന്റെ കിടക്കപോലും എടുക്കാതെ ഏകനായി വന്ന തിരുമേനി (സാധാരണ ശെമ്മാശനും വാല്യക്കാരനും കൂടെ കാണും) ഒന്നര മാസക്കാലം കുന്നംകുളത്ത് താമസിച്ചു. ഡോക്ടർമാർ പലവുരു നിർബ്ബന്ധിച്ചിട്ടും തിരുമേനി കുത്തിവെയ്പ്പ് എടുത്തില്ല. പോകേണ്ടസമയമായപ്പോൾ ഒരു ഡോക്ടറെ വരുത്തി കുത്തിവെയ്പ്പു നടത്തി തിരിച്ചു പോയി.

*പാറേമലച്ചന്റെ ഡയറി

*പാമ്പാടി തിരുമേനിയുടെ ഡയറികൾ

*പാമ്പാടി തിരുമേനി (ചരിത്രം)

ആബോയുടെ സന്ദേശം

പ്രിയരെ,

ലോകം മുഴുവൻ കോവിഡ് 19 എന്ന മഹാവ്യാധി പടരുന്ന നാളുകളിൽ കേരളം, മുമ്പ് നേരിട്ട സമാനമായ പ്രശ്നം അനുസ്മരിക്കാതെ വയ്യ. 1935 ൽ കുന്നംകുളത്ത് പ്ലേഗ് എന്ന മഹാരോഗം ബാധിച്ച് ജനജീവിതം പ്രതിസന്ധിയിലായി. രോഗബാധിതമായ പ്രദേശത്തിന് പ്രാർത്ഥനയിലൂടെ ആശ്വാസമേകുന്നതിനായി പ.പാമ്പാടി തിരുമേനി എത്തി. അന്ന് തിരുമേനിയുടെ നിർദ്ദേശപ്രകാരം കുന്നംകുളത്തെ ബഥനി ആശ്രമചാപ്പൽ ആശുപത്രി സജ്ജീകരണങ്ങൾക്കായി വേർതിരിച്ചു. അതുപോലെ ഇന്ന് കോവിഡ് മഹാമാരിയെ പ്രതിരോധിക്കാൻ, കഴിഞ്ഞ മൂന്ന് മാസമായി പെരുന്നാട് ബഥനി ആശ്രമം കോവിഡ് ക്വാറന്റൈൻ സെന്ററായി പ്രവർത്തിച്ചു വരുന്നു. ആശ്രമത്തിന്റെ കുന്നംകുളത്തിനടുത്തുള്ള മരത്തംകോട് സ്ഥിതിചെയ്യുന്ന സ്ക്കൂൾ 'ഫസ്റ്റ്ലൈൻ ട്രീറ്റ്മെന്റ്സെന്ററായി' വിട്ടു നൽകിയിട്ടുണ്ട്.

കേരളം മുഴുവൻ രോഗവ്യാപനത്തിന്റെ പ്രശ്നം നേരിടുന്ന നാളുകളിലാണ് ആശ്രമത്തിലെ അഭിവന്ദ്യ പിതാക്കൻമാരുടെ സംയുക്ത ഓർമ്മപ്പെരുന്നാൾ ദിനം സമാഗതമാകുന്നത്. ഓഗസ്റ്റ് 1 മുതൽ 5 വരെ, ആശ്രമത്തിൽ കബറടങ്ങിയിരിക്കുന്ന 'മലങ്കരയുടെ ധർമ്മയോഗി' അഭി.അലക്സിയോസ് മാർ തേവോദോസിയോസ്, അഭി.യൂഹാനോൻ മാർ അത്താനായിയോസ്, അഭി. പൗലോസ് മാർ പക്കോമിയോസ് എന്നീ തിരുമേനിമാരെ അനുസ്മരിച്ച് പെരുന്നാൾ ക്രമീകരിക്കുന്നു.കോവിഡ് ക്വാറന്റൈൻ സെന്റർ കൂടിയായി പ്രവർത്തിക്കുന്ന ആശ്രമം ഈ പരിമിതമായ സാഹചര്യത്തിൽ അഭിവന്ദ്യ പിതാക്കൻമാരുടെ സംയുക്ത ഓർമ്മപ്പെരുന്നാൾ കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ചാണ് ആചരിക്കുന്നത്.

കഴിഞ്ഞ ഒരു നൂറ്റാണ്ടുകാലം ആശ്രമത്തെ കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിച്ച ഉടയതമ്പുരാന്റെ മുമ്പാകെ വിനയത്തോടെ നന്ദി സമർപ്പിക്കുന്നു. ആശ്രമത്തിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വവും പിന്തുണയും നൽകുന്ന മലങ്കരസഭയുടെ പരമാധ്യക്ഷൻ പരി.മോറാൻ മാർ ബസേലിയോസ് മർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കബാവാ തിരുമേനിയോടും ആശ്രമത്തിന്റെ വിസിറ്റർ ബിഷപ്പ് അഭി. കുറിയാക്കോസ് മാർ ക്ലീമീസ് തിരുമേനിയോടും മറ്റ് അഭിവന്ദ്യ തിരുമേനിമാരോടും കൃതജ്ഞത അറിയിക്കുന്നു. ദൈവസ്നേഹത്തിന്റെ സന്ന്യാസപാരമ്പര്യത്തിലേക്ക് യുവതലമുറയെ ഹൃദയപൂർവ്വം ക്ഷണിക്കുന്നു. രോഗാതുരമായ ഈ കാലത്തെ ദൈവത്തിന്റെ അളവറ്റ കരുണയാൽ നാം തരണം ചെയ്യും എന്ന പ്രത്യാശയോടെ.

ഫാ. സക്കറിയ ഒ.ഐ.സി.
സുപ്പീരിയർ

A Life-Sketch of METROPOLITAN ALEXIOS MAR THEODOSIUS

DAVID DANIEL



A Brief Life Sketch

Pure in heart. A rock in his convictions. A phenominon of moral courage and austerity. Champion of Orthodoxy and autocephaly of Malankara Orthodox Syrian Church. These would set out a glimpse of the many faceted personality of Metropolitan Alexios Mar Theodosios OIC who breathed his last on 6th August 1965.

Early days

On August 28, 1888 was born Mar Theodosios, known as M.M. Alexander alias Chandy, in the traditionally priestly family of Mattackal at Niranam to parents Mathai and Kunjandamma. He had his school education at Mar Gregorios Memorial High School, Tiruvalla and Mar Dionysius High School, Kottayam and College education (1912-15) in the Church Missionary Society College at Kottayam.

At the age of 19 in 1907 while a school student, Alexander was called to the ministry of God and received ordination as a Deacon. Deacon Alexander, following collegiate education, joined Barisol Divinity College in East Bengal run by the Oxford Mission Fathers in 1915 and later in 1918 Serampore, for theological studies. In that year, Dn. Alexander was ordained a priest by Metropolitan Yuyakim Mar Ivanios at Parumala Seminary and was called Father Alexios.

While at Serampore, Fr. Alexios had come in contact with Fr. P. T. Geevarghese Panicker. Both became attached to each other and later on were very earnest in starting a monastic movement in the Church. The idea was well received among the Church dignitaries, both among ecclesiastical and lay leaders. Thus on their return from Serampore in 1918, they established a unique monastery and a monastic order at Mundanmala, a hilly forest area at Perinad near Ranny - a hundred - acre plot donated by E.J. John. The monastic institution was named Bethany. It received considerable esteem, support and encouragement all over the Church. Over the years, it grew in stature.

Bethany, however, received a catastrophic blow when Fr. P. T. Geevarghese Panicker, its Superior, defected to Roman Catholicism taking with him a number of inmates on September 20, 1930. At that critical juncture, it was thought that everything which Bethany stood for was lost. But as a flaming tower, Fr.Alexios rose up to the occasion, gave Bethany a new life and led it from success to success. Today, Bethany has a complex of institutions of monastery, convent, schools and hospital.

The monastery and convent offer a distinct service to the Church and provide a unique opportunity to young aspirants for an austere spiritual life. The nuns of Bethany serve in schools and in hospitals in various capacities.

Meanwhile, Fr. Alexios elected as Metropolitan candidate by the Malankara Association and was consecrated as Metropolitan Mar Theodosius on April 7, 1938 by Catholicos Basselios Mar Geevarghese II at Karmel Dayara, Mulanthuruthy. Diocese of Quilon and the Outside Kerala Diocese were assigned to the Metropolitan's charge. Mar Theodosius had the foresight and vision of the future development possibilities of the Church beyond the frontiers of Kerala. In fact, Mar Theodosios was the architect of the Outside Kerala Diocese. In 1947, a nucleus of the Diocese was laid when the Metropolitan formed the Indian Orthodox Mission at Madras. This was followed by organising a band of four dedicated priests viz K. A. George, C.V. John, Simon Mathews and K.C. Thomas (Thomas Mar Macarios), who were send out to Pune, Calcutta, Coonnor and Delhi respectively.The Delhi parish was formed by Mar Theodosios in November 1952 and Fr. K. C. Thomas took charge of the parish in January 1953. This Diocese is now, divided into five major Dioceses of America, Bombay, Calcutta, Delhi and Madras.

Mar Theodosios also had taken keen interest in representing the Malankara Church in international inter-church forums and projecting its image to western Churches. He had travelled to London in 1933 to attend the Centennary Celebrations of Oxford Movement, to Oxford in 1937 to represent the Church in the first Faith and Order Conference and to Edinburgh the same year to attend the Life and Work Conference and in 1948 to Amsterdam to participate in the WCC Conference along with the Catholicos Baselios Mar Geevarghese. By virtue of Participation in such forums, Mar Theodosios was eminently able to focus the attention of Western Churches to the ancient apostolic origin of Malankara Church according to St. Thomas, its indegenous growth and autonomous stature and especially its Orthodox faith and consequently to create commendable appreciation about the Church in their estimation. Till 1953, the Metropolitan was a member of the Central Committee of WCC.

The ardent strees on conviction of faith was a distinguishing trait in Mar Theodosios. A few instances are outstanding. His conviction on the autocephalous nature of Malankara Church, which defied his overwhelming mentor Fr. P. T. Geevarghese Panicker (Mar Ivanios) at the time of his defection to Roman Catholic Church in 1930 and how he outsmarted the youthful bellicose Peace League organisers in a tense and emotion charged situation in 1951, show the strength of character and moral courage which Mar Theodosios nourished. When the Peace League Organisers were exerting pressure on the Catholicos and other Metropolitan for a compromise with the Patriarch, Mar Theodosios made Strongest statement which non-plussed the organisers: "I am not prepared to agree to surrender the independence of Malankara Church and to accept as invalid the ordination by Mar Abdul Messiah. I will not do anything against my conviction. I am going" and walked out of the Chingavanam compromise talks. On another occasion, the Freedom fighter in him surfaced. He is quoted to have said "Even if it happens that I become the old lay man Chandy, I do not like to be a Metropolitan of a Church Which has lost its Freedom''. This stand, Mar Theodosios had maintained in all the compromise moves which were held at various times earlier.

Mar Theodosios is however, better, remem bered and revered for his qualities of spirituality. He was acknowledged as an ascetic, a good shepherd, a true yogi, a veritable sanyasi who led a simple and austere life, a life devoted to prayer and worship, and a protector of Orthodox faith. To all those who came in contact with him, Mar Theodosios was a remarkable person whose simplicity, asceticism, conviction of faith, meticulous observance of daily life, organisational perfection, charisma of love, care and concern, were beyond the realm of ordinary mans.

The blessed life came to an end on August 6, 1965 after a prolonged illness—a day observed by the Church as the day of the Feast of Transfiguration. His tomb at Bethany reflects the simplicity of an otherwise great luminary of the Malankara Orthodox Syrian Church.

To his sacred memory, this humble work is laid.

The Orthodox Church of India (History), David Daniel, July 1972, New Delhi



ഒനീത്ത

ബഥാന്യൻ

കൊറോണയുടെ ഈ കാലഘട്ടത്തിൽ പള്ളി പെരുന്നാളുകളും ചടങ്ങുകളും മാറ്റി വയ്ക്കപ്പെടുന്ന സാഹചര്യത്തിൽ, ആശ്രമങ്ങളും, ദേവാലയങ്ങളും ആശുപത്രികളായും, ഫസ്റ്റ്ലൈൻ സെന്ററുകളായും ക്വാറന്റൈൻ കേന്ദ്രങ്ങളായും മാറിക്കൊണ്ടിരിക്കുമ്പോൾ ഒരു കൂട്ടം വ്യക്തികൾ പരസ്പരം വാഗ്വാദങ്ങളിൽ ഏർപ്പെടുന്നത് ശരിയായ രീതിയാണെന്ന് തോന്നുന്നില്ല. യേശുതമ്പുരാന്റെ സുവിശേഷവും കൽപനയും "നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ", എന്നും"ലോകത്തിന്റെ നാനാഭാഗങ്ങളിലും പോയി സുവിശേഷം അറിയാത്തവരോട് സുവിശേഷം ഘോഷിപ്പിൻ"എന്നുമാണല്ലോ. എന്നാൽ അതിനുപകരം "അധികാരവാദം" (ഞാനാണോ, നീയാണോ വലിയവൻ എന്ന തർക്കം) സഭയും സമൂഹവും എക്കാലത്തും നേരിട്ടു കൊണ്ടിരിക്കുന്നു.

16-ാം നൂറ്റാണ്ടുവരെ ഒന്നായിരുന്ന ക്രൈസ്തവ സഭ "പാശ്ചാത്യ കോളനീവത്കരണ"ത്തിന്റെ മതരൂപമായ 'മതകോളനീവത്കരണത്തിനു' ബലിയാടായിത്തീർന്നു. അതിന്റെ ഫലമായി എല്ലാ പുരാതന ക്രൈസ്തവ സഭകൾക്കും ഓരോ ബദൽ സഭകൾ കൂടി ലോകത്തിൽ സൃഷ്ടിക്കപ്പെട്ടു. അതിനു വേറൊരു പേരിട്ടതാണ് 'റീത്ത് പ്രസ്ഥാനം'.

നാം ഒന്ന് ചിന്തിക്കണം, യേശുക്രിസ്തു ഇന്ത്യയിലെ ക്രിസ്തുസഭയെ വീണ്ടും മതം മാറ്റാനായി പറഞ്ഞിട്ടില്ല. ബഥനിയുടെ സ്ഥാപനോദ്ദേശം ഓർത്തഡോക്സുകാരേയും, മർത്തോമ്മക്കാരേയും, തൊഴിയൂർക്കാരേയും, കൽദ്ദായക്കാരേയും വീണ്ടും ക്രിസ്ത്യാനികളാക്കുക എന്നതായിരുന്നില്ല. മറിച്ച് ഭാരതത്തിലുള്ള മറ്റു മതസ്ഥരെ സുവിശേഷീകരിക്കുക എന്നുള്ളതായിരുന്നു.

ഈ ലേഖനത്തിന്റെ ഉദ്ദേശം: എല്ലാ വർഷവും നടന്നുവരുന്ന ഒരു പതിവ് കലാപരിപാടിയാണ് മാർ ഇവാനിയോസിന്റെ പെരുന്നാളിനോടനുബന്ധിച്ച് അലക്സിയോസ് മാർ തേവോദോസിയോസ് തിരുമേനിയെ വിമർശിക്കുക എന്നുള്ളത്. ഈ വർഷവും ബഥനി ആശ്രമത്തിന്റെ അടിസ്ഥാനങ്ങളെ സംബന്ധിച്ച് ബഹു. മരിയദാസ് ഒ.ഐ.സി. അച്ചൻ ചില ചോദ്യങ്ങൾ ഉയർത്തിയ സാഹചര്യത്തിൽ ബഥനിയുടെ ചരിത്രത്തിന്റെ പ്രൈമറി സോഴ്സുകളിൽ നിന്നു കൊണ്ട് അതിന് ഒരു എളിയ മറുപടി നൽകാനുള്ള ശ്രമം മാത്രം. ചോദ്യകർത്താവായ മരിയദാസ് അച്ചൻ ഓർത്തഡോക്സ് സഭയുടെ കൈയ്യിൽ ഉള്ള ഡോക്യുമെന്റ്സ് ഉപയോഗിച്ചു ചോദ്യങ്ങൾ ചോദിക്കുന്നു എന്ന് ഒരു വീഡിയോയിലൂടെ കണ്ടു. സ്വന്തം സഭയുടേയും സമൂഹത്തിന്റേയും സ്ഥാപകൻ എഴുതിയ ചരിത്രങ്ങൾ ആദ്യം ഒന്ന് മനസ്സിരുത്തി വായിച്ചിരുന്നെങ്കിൽ അച്ചനു ഈ സംശയങ്ങൾ ഉണ്ടാകുകയില്ലായിരുന്നു.

ചോദ്യം 1: *മാർ ഇവാനിയോസ് അല്ല ബഥനി ആശ്രമത്തിന്റെ സ്ഥാപകൻ: മറിച്ച് അലക്സിയോസ് എന്ന പേരുള്ള വൈദികൻ (പിന്നീട് അദ്ദേഹം മാർ തേവോദോസിയോസ് എന്ന പേരിൽ മെത്രാനായി) എന്നാണ് പ്രചരണം?*

ഉത്തരം: 1918 ൽ സ്ഥാപിച്ച ബഥനി ആശ്രമത്തിന്റെ സ്ഥാപകർ ഒരാളല്ല രണ്ടുപേരാണ്
1, Fr. P. T. Geevarghese (Mar Ivanios OIC)
2, Fr. Alexios (Mar Theodosios OIC)

ബഥനി ആശ്രമത്തിന്റെ ഔദ്യോഗിക ചരിത്രം എഴുതിയിരിക്കുന്നത് 3 വ്യക്തികളാണ്.

1, 1929 ൽ മാർ ഇവാനിയോസ് തിരുമേനി വളരെ പെട്ടെന്ന് ധൃതിപിടിച്ച് എഴുതി തീർത്തു എന്നു ചിന്തിക്കേണ്ട 'ഗിരിദീപം'. (ഒരു വർഷം തന്നെ 2 എഡിഷനുകളും)

2, ഗിരിദീപത്തിലെ പലകാര്യങ്ങളിലുമുള്ള അഭിപ്രായ വ്യത്യാസങ്ങളും തന്റെ വാദഗതികളും ചേർത്ത് 1930 ൽ അലക്സിയോസച്ചൻ പ്രസിദ്ധീകരിച്ച 'ബഥനിക്കാര്യങ്ങൾ'.

3, 1938 ൽ ആശ്രമത്തിൽ ചേർന്ന ഫാ. കുര്യാക്കോസ് OIC എഴുതിയ 'മലമടക്കിലെ കെടാവിളക്ക്'.

ഇവയിലൊന്നും തന്നെ, മാർ ഇവാനിയോസ് അല്ല ബഥനി ആശ്രമം സ്ഥാപിച്ചതെന്ന് ആരും പറഞ്ഞതായി കണ്ടില്ല. മറിച്ച് 1930 ൽ അലക്സിയോസച്ചൻ എഴുതിയ 'ബഥനിക്കാര്യങ്ങളിൽ' ഇവാനിയോസ് തിരുമേനിയും താനും ചേർന്നാണ് ബഥനി സ്ഥാപിച്ചതെന്ന് പറഞ്ഞിരിക്കുന്നു.

ഇനി നമുക്ക് ഇവാനിയോസ് തിരുമേനി എഴുതിയ ഗിരിദീപം പരിശോധിക്കാം.

VI ശൈശവാശ്രമം:- ***"നാമും നമ്മുടെ ആദർശത്തോടു അനുകൂലമുള്ളവരായ ശെമ്മാശ്ശന്മാരുമായി*** ഒരു സന്യാസ സമൂഹം തന്നെയാണ് രൂപീകരിക്കേണ്ടതെന്നു തീരുമാനിച്ച വിവരം മുന്നൊരദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ."

II ആശ്രമസ്ഥാപനം :- "മുണ്ടൻമലയുടെ പടിഞ്ഞാറെ താഴ്വാരത്തിലായി സത്രത്തിന്റെ പണി ആരംഭിച്ചിരിക്കുന്നുവെന്നു കത്തു മുഖേന അറിയാൻ കഴിഞ്ഞപ്പോൾ, അത് ശബരിമലയിലേക്കുള്ള ആറടിപ്പാതയോടു സമീപിച്ചായിരിക്കണമെന്നു നാം ഊഹിച്ചു...... രണ്ടു കൊല്ലം കൂടി കഴിഞ്ഞാൽ സെറാമ്പൂർ വിടുന്നതിനു നമുക്കു പ്രയാസമുണ്ടാകുന്നതല്ല. അതുവരെയുള്ള കാലത്തിനുള്ളിൽ മുണ്ടൻമലയിൽ ചെയ്യേണ്ടതിന്നെല്ലാം മറ്റൊരാളെ ചുമതലപ്പെടുത്തിയേ മതിയാകയുള്ളൂ. നമ്മോടൊന്നിച്ചു താമസിച്ചുവന്ന മട്ടയ്ക്കൽ അലക്സന്ത്രയോസ് ശെമ്മാശ്ശൻ സന്ന്യാസവൃത്തിയിൽ അഭിരുചിയും അഭിനിവേശവും ഉള്ള ആൾതന്നെ. മുണ്ടൻ മലയിൽ പോയി അത്യാവശ്യ സംഗതികളെല്ലാം നിർവഹിച്ചുകൊള്ളാം എന്ന് അയാൾ നമ്മോടു വാഗ്ദാനം ചെയ്തു. ***ശെമ്മാശൻ അവിടെ ച്ചെന്ന് ആശ്രമത്തിനുള്ള സ്ഥാനം കണ്ടുപിടിച്ച്, അവിടെയുള്ള കാടു മുഴുവൻ വെട്ടി നീക്കി, ആശ്രമം സ്ഥാപിച്ചു കഴിയുമ്പോഴേക്കും*** നമുക്കും അവിടെ ചെന്നു ചേരാവുന്നതാണല്ലോ."

IX പ്രതിഷ്ഠ :- "ആശ്രമത്തിന്റെ പ്രാരംഭ കാലങ്ങളിൽ എപ്പോഴും നമുക്ക് ആശ്രമസ്ഥന്മാരൊന്നിച്ചു താമസിക്കുവാൻ ചില കാരണങ്ങളാൽ സാധ്യമായിരുന്നില്ല. അവരുടേയും അനാഥശാലയിലെ കുഞ്ഞുങ്ങളുടേയും ഉപജീവനത്തെ ഉദ്ദേശിച്ചു മാത്രമല്ല, കൃഷിസംബന്ധമായുള്ള ഇതരചെലവുകളും നിർവിഘ്നം നടന്നുപോകുന്നതിനു വേണ്ടത്തക്ക മൂലധനം ഇല്ലാതിരുന്നതിനാൽ നമുക്കു പലേടങ്ങളിലും ചുറ്റി സഞ്ചരിച്ചു പണം ഉണ്ടാക്കേണ്ടിയിരുന്നുവല്ലോ. അതിനാൽ ചില കാലങ്ങളിൽ ഭിക്ഷാടനാർത്ഥം നമുക്കു ആശ്രമത്തിൽനിന്നു ഇറങ്ങിപ്പോരേണ്ടി വന്നിരുന്നു. അല്ലാത്ത കാലങ്ങളിൽ എല്ലാം നാം ആശ്രമത്തിലായിരിക്കുകയും ചെയ്യും. നാം അവിടെ ഇല്ലാത്ത സന്ദർഭങ്ങളിൽ ആശ്രമസ്ഥന്മാർക്കു സന്യാസപരമായ പ്രാരംഭ പരിശീലനങ്ങൾ നൽകുകയും തദ്വിഷയത്തിൽ അവർക്കു വേണ്ടുന്ന ഉപദേശങ്ങൾ കൊടുക്കുകയും ചെയ്തുവന്നത്, ഫാദർ അലക്സിയോസും[1] യാക്കോബു ശെമ്മാശ്ശനു[2] മായിരുന്നു. ഓരോരുത്തരുടേയും ബലഹീനതകളെ നിരീക്ഷിച്ചും അവയെല്ലാം നിശ്ശേഷം പരിഹരിക്കപ്പെടുമാറ് അവയ്ക്കു പ്രതികൂലമായ സുകൃതങ്ങളിലൂടെ ആശ്രമസ്ഥന്മാരെ വഴിനടത്തിക്കൊണ്ടുപോകയും ചെയ്യുന്നതിൽ, ***നമ്മുടെ നിർദ്ദേശാനുസാരം, ആശ്രമാധ്യക്ഷൻ***[3] നന്നായി ശ്രദ്ധ പതിപ്പിച്ചു വന്നു.

95-ാമാണ്ടിലെ പെന്തിക്കോസ്തിയ്ക്കുള്ളിലായി ആശ്രമസ്ഥന്മാരായിച്ചേർന്ന എട്ടു പത്തു പേരിൽ ***ആശ്രമത്തിലെ പ്രഥമ സന്താനങ്ങളായ നമുക്കും ഫാദർ അലക്സിയോസിനും യാക്കോബു ശെമ്മാശനും*** പ്രഥമ സന്ന്യാസ പ്രതിഷ്ഠയ്ക്കുള്ള കാലവും പരിശീലനവും തികഞ്ഞിരുന്നു. അതിനാൽ കുറേക്കാലം അതിനായുള്ള ഒരുക്കത്തിനു വേണ്ടി നാം സഞ്ചാരം നിറുത്തിവെച്ച് ആശ്രമത്തിൽ അധിവാസമുറപ്പിച്ചു."

ചോദ്യം 2: *മലയാള മനോരമയിൽ നിന്ന് 1953 ജൂലൈ 17 ാം തിയ്യതി വെള്ളിയാഴ്ച, മാർ ഇവാനിയോസ് തിരുമേനി കാലം ചെയ്ത ദിവസം വന്ന എഡിറ്റോറിയൽ ഇവാനിയോസ് തിരുമേനി ആകുന്നു ബഥനി സ്ഥാപിച്ചതെന്ന് പറഞ്ഞിരിക്കുന്നു?*

ഉത്തരം: ഇവാനിയോസ് തിരുമേനി കാലം ചെയ്ത ദിവസം അദ്ദേഹത്തേ കുറിച്ചായിരിക്കുമല്ലോ എഴുതുന്നത്. അലക്സിയോസ് മാർ തേവോദോസ്യോസ് തിരുമേനിയെക്കുറിച്ച് പറയേണ്ട സന്ദർഭങ്ങളിൽ 'ആശ്രമസ്ഥാപകൻ' അദ്ദേഹമാണെന്നും മലയാള മനോരമ എഴുതിയിട്ടുണ്ട്. 1930 ൽ 'ബഥനിയുടെ സഹസ്ഥാപകൻ' എന്ന തലക്കെട്ടിൽ ഫാ. അലക്സിയോസ് എഴുതിയ ബഥനിയുടെ ചരിത്രം (രണ്ടാം ഭാഗം,), കെ. സി. മാമ്മൻ മാപ്പിള തന്റെ പത്രത്തിൽ ബഥനി കാര്യങ്ങൾ എന്ന പേരിൽ ലേഖനപരമ്പരയായി പ്രസിദ്ധീകരിക്കുകയും ചെയ്തു. (അതേവർഷം തന്നെ അത് പുസ്തകമായി പ്രസിദ്ധീകരിച്ചു.)

ചോദ്യം 3 : *ബഥനിയുടെ 75 ാം വാർഷികം ഒന്നിച്ചാഘോഷിക്കുകയും 100 ാം വാർഷികം രണ്ടായി ആഘോഷിക്കുകയും ചെയ്തതിന്റെ സാംഗത്യം എന്താണ്?*

ഉത്തരം: മരിയദാസച്ചന് കണക്ക് തെറ്റിയതാണോ അതോ ഓർമ്മപ്പെശക് പറ്റിയതാണോ എന്നറിയില്ല. 1993 ലാണ് ബഥനി ആശ്രമം 75-ാം (പ്ലാറ്റിനം) ജൂബിലി ആഘോഷിച്ചത്. 1918 ൽ സ്ഥാപിച്ചാൽ 1943 ഉം, 1968 ഉം 1993 ഉം ജൂബിലി വർഷങ്ങളാണ്; എന്നാൽ ആദ്യ രണ്ടു ജൂബിലികളും ഇരുകൂട്ടരും നടത്തിയില്ല. ഓർത്തഡോക്സ് ബഥനി - സ്ഥാപകരിൽ ഒരാൾ ഇറങ്ങി പോകുകയും, പിന്നീട് സ്വത്തുക്കൾക്കായി രണ്ടു കൂട്ടരും തമ്മിൽ കേസു നടത്തുകയും ചെയ്യുന്ന സമയമായതിനാൽ 1943 ൽ ജൂബിലി നടത്തിയില്ല. 1965 ൽ മാർ തേവോദോസ്യോസ് തിരുമേനി കാലം ചെയ്ത ദുഖത്താൽ അതിനടുത്ത വർഷങ്ങളായ 1968 ലും ജൂബിലി നടത്താൻ ഓർത്തതേയില്ല. 1993 ൽ നിരണം ഭദ്രാസനാധിപനായിരുന്ന മാർ ഒസ്താത്തിയോസ് തിരുമേനി, ബഥനി ആശ്രമസുപ്പീരിയറായ ശലോമോൻ ഒ.ഐ.സി. അച്ചനോട് "ഈ വർഷം 75-ാം ജൂബിലി വർഷമാണ്, നിങ്ങൾ അത് നടത്തണം എന്ന് കൽപ്പിച്ചപ്പോൾ ആശ്രമത്തിന്റെ സ്ഥാപകപിതാക്കന്മാരലൊരാളായ തേവോദോസിയോസ് തിരുമേനിയുടെ ഓർമ്മയോടനുബന്ധിച്ച ആഗസ്റ്റ് മാസത്തിൽ ജൂബിലി നടത്തി.അപ്പോൾ ആ മാസം തന്നെ റീത്തു ബഥനിയും ഒരു ജൂബിലി ആഘോഷിച്ചു.

ഉപസംഹാരം

1918 ൽ ആരംഭിച്ച ബഥനിയുടെ സ്ഥാപകൻ മാർ ഇവാനിയോസ് തിരുമേനി മാത്രമായിരുന്നെങ്കിൽ അദ്ദേഹം എന്തിനു ആശ്രമത്തെ ഉപേക്ഷിച്ചു പോകണം? 1930 ൽ അദ്ദേഹം നടത്തിയ ഒരു പ്രസംഗം ഇങ്ങനെയാണ് "ഞാൻ യാക്കോബായ പാത്രിയർക്കീസിനോ, റോമിലെ മാർപാപ്പയ്ക്കോ വിധേയമായ വിധത്തിലല്ല ബഥനിയെ സ്ഥാപിച്ചിരിക്കുന്നത്." അതു സത്യമായ കാര്യമാണ്. കാരണം മലങ്കര സഭയുടെ സ്വത്തുക്കൾ മലങ്കര മെത്രാപ്പോലീത്തായുടെ അധീനതയിലാണ്. 1918 ൽ അന്നത്തെ മലങ്കര മെത്രാപ്പോലീത്ത വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനിയുടെ അനുവാദത്തോടെയും അനുവാദ കൽപന മൂലവും തുടങ്ങിയതായിരുന്നു ബഥനി ആശ്രമം. ആ ബോദ്ധ്യം ഉള്ളതിനാലായിരിക്കാം 1930 ൽ മാർ ഇവാനിയോസ് തിരുമേനി പെരുന്നാട് ആശ്രമം ഉപേക്ഷിച്ച് വെണ്ണിക്കുളത്ത് പുതിയ ബഥനി ആരംഭിച്ചത്.

മാർ ഇവാനിയോസ് തിരുമേനി ജീവിച്ചിരിക്കുമ്പോൾത്തന്നെ ബഥനിയുടെ 25-ാം ജൂബിലി വർഷം വന്നപ്പോൾ 'റീത്ത് ബഥനി' അതു നടത്താതിരുന്നത് 1918 ൽ അല്ല 1930 ൽ ആകുന്നു റീത്ത് ബഥനിയുടെ സ്ഥാപനവർഷം എന്ന ബോദ്ധ്യം അദ്ദേഹത്തിന് ഉണ്ടായിരുന്നതിനാലാണ് എന്നും ചിന്തിക്കേണ്ടിയിരിക്കുന്നു.

1, ഗിരിദീപം 1929 1st & IInd Edition
2, ബഥനിക്കാര്യങ്ങൾ 1930
3, Bethany Archives

---

1. ആബൂന അലക്സിയോസ് (അസിസ്റ്റന്റ് സുപ്പീരിയർ)
2. നോവിസ് മാസ്റ്റർ
3. ആബൂന അലക്സിയോസ്

Published by Fr. Skaria OIC, Superior
BETHANIA MEDIA HOUSE